'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - നൂറനാട് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. എ.വി. അജികുമാറിന് സാഹിത്യ രചനകൾ നടത്തുവാനും ആയവ പ്രതിഫലം പറ്റാതെ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കുവാനുമുള്ള അനുവാദം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.746/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/03/2019**

---

പരാമർശം:- 1 ശ്രീ.എ.വി.അജിത് കുമാറിന്റെ 24.04.2018 ലെ അപേക്ഷ.

2 പഞ്ചായത്ത് ഡയറക്ടറുടെ 17.09.2018-ലെ PAN/21503/2018-E2(DP) നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടത്തിൽ ചട്ടം 48 പ്രകാരം സാഹിത്യ രചനകൾ നടത്തുവാനും ആയവ പ്രതിഫലം പറ്റാതെ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കുവാനുമുള്ള അനുവാദം നൽകണമെന്നാവശ്യപ്പെട്ട് നൂറനാട് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയായി ജോലി നോക്കി വരുന്ന ശ്രീ. എ.വി. അജികുമാർ സമർപ്പിച്ച അപേക്ഷ പരാമർശം (2) ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48-ന്റെ ഒന്നാം പ്രൊവിസോ പ്രകാരം ഔദ്യോഗിക കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്താത്ത രീതിയിൽ പ്രതിഫലേച്ഛയില്ലാതെ കല, സാഹിത്യം, ശാസ്ത്രം എന്നീ സ്വഭാവത്തിലുള്ള പ്രവർത്തനങ്ങളിൽ വല്ലപ്പോഴും ഏർപ്പെടാവുന്നതാണ്. എന്നാൽ സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതും; പ്രസ്തുത പ്രവൃത്തികളിലൂടെ സർക്കാരിനെയോ, സർക്കാരിന്റെ നയങ്ങളെയോ വിമർശിക്കുവാൻ പാടില്ലാത്തതുമാകുന്നു. കൂടാതെ സ്വകാര്യ പ്രസാധകർ മുഖേന കച്ചവട അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്നതിനോ, സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനോ ചട്ടത്തിൽ വ്യവസ്ഥയില്ല. രചനകൾ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ Kerala Government Servants Conduct Rules 1960 ലെ ചട്ടം 58, 58A, 60, 62, 63 എന്നിവയിലും നിഷ്കർഷിച്ചിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ നൂറനാട് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയായി ജോലി നോക്കി വരുന്ന ശ്രീ.എ.വി.അജികുമാറിന് Kerala Government Servants Conduct Rules 1960 ലെ ചട്ടം 58,58A,60,62,63 ന്റെ അടിസ്ഥാനത്തിൽ രചനയുടെ ഉള്ളടക്കം, പ്രസാധകരുടെ വിശദാംശങ്ങൾ, പുസ്തകത്തിന്റെ വില എന്നിവ പരിശോധിച്ച് സർക്കാർ ജീവനക്കാരുടെ

പെരുമാറ്റ ചട്ടത്തിൽ ചട്ടം 48 പ്രകാരം സാഹിത്യ രചനകൾ നടത്തുവാനും ആയവ പ്രതിഫലം പറ്റാതെ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കുവാനുമുള്ള അനുവാദം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

1. ശ്രീ. എ.വി. അജികുമാർ, അസിസ്റ്റന്റ് സെക്രട്ടറി, നൂറനാട് ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ